മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

17.01.2024

**കേന്ദ്ര സഹമന്ത്രി ഡോ. എൽ. മുരുകൻ ദർശനം നടത്തി**



കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ. എൽ. മുരുകൻ ശബരിമല സന്നിധാനത്ത് ദർശനം നടത്തി. ഇന്നലെ വൈകിട്ട് പമ്പയിലെത്തിയ അദ്ദേഹം ബുധനാഴ്ച രാവിലെ ഒൻപതോടെ സന്നിധാനത്തെത്തി ദർശനം നടത്തി. 13 അംഗം സംഘമാണ് മന്ത്രിക്കൊപ്പം എത്തിയത്. ദർശനം കഴിഞ്ഞ് 11 മണിയോടെ അദ്ദേഹം സന്നിധാനത്തു നിന്ന് മടങ്ങി.

**ശബരിമല ഇന്നത്തെ (18.01.2024)ചടങ്ങുകൾ**

..............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 മണിക്ക്.. തിരുനട തുറക്കൽ.. തുടർന്ന് നിർമ്മാല്യ ദർശനവും പതിവ് അഭിഷേകവും .....

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11
മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് 25 കലശാഭിഷേകം തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് നട അടയ്ക്കും

.....

വൈകുന്നേരം 3 മണിക്ക് നട തുറക്കും

6.30 ന് തിരുവാഭരണം ചാർത്തിയുള്ള ദീപാരാധന

9 ന് അത്താഴ പൂജ

ശേഷം മണിമണ്ഡപത്തിൽ നിന്ന് പതിനെട്ടാം പടിക്ക് മുന്നിലായുള്ള എഴുന്നെള്ളത്ത്

10.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

**പടിപൂജയുടെ നിറവിൽ സന്നിധാനം**

വ്രതാനുഷ്ഠാനങ്ങളോടെ ഇരുമുടിക്കെട്ടേന്തി മാത്രം ദർശനത്തിനായി ഭക്തർ കയറുന്ന ശബരിമലയിലെ പവിത്രമായ പതിനെട്ടുപടികളിലും പട്ടും പൂക്കളും ദീപങ്ങളും അർപ്പിച്ച് പടിപൂജ. ദീപപ്രഭയിൽ ജ്വലിച്ച് പുഷ്പവൃഷ്ടിയിൽ സുഗന്ധം പരത്തിനിന്ന പതിനെട്ടുപടികളുടെ അപൂർവ്വ കാഴ്ചയ്ക്കാണ് ബുധനാഴ്ച സന്ധ്യയിൽ സന്നിധാനത്ത് ആയിരങ്ങൾ സാക്ഷിയായത്. ദീപാരാധനയ്ക്ക് ശേഷം തന്ത്രി മഹേഷ് മോഹനരുടെ കാർമ്മികത്വത്തിലും മേൽശാന്തി പി. എൻ മഹേഷ് നമ്പൂതിരിയുടെ സഹകാർമികത്വത്തിലുമാണ് ഒരു മണിക്കൂറോളം നീണ്ട പടി പൂജ നടന്നത്. പൂജയുടെ തുടക്കത്തിൽ ആദ്യം പതിനെട്ടാംപടി കഴുകി പട്ടുവിരിച്ചു. പട്ടിന്റെ ഇരുവശത്തും വലിയ ഹാരങ്ങൾ കൊണ്ട് അലങ്കരിച്ചു. ഇരുവശത്തും ഓരോ നിലവിളക്ക് കത്തിച്ചു വെച്ചു. ഓരോ പടിയിലും നാളികേരവും പൂജാ സാധനങ്ങളും വച്ചു. പിന്നീട് ഓരോ

പടികളിലും കുടികൊള്ളുന്ന മലദൈവങ്ങൾക്ക് പൂജ കഴിച്ചു. ഓരോ പടിയിലും ദേവ ചൈതന്യം ആവാഹിച്ചിട്ടുണ്ടെന്നാണ് വിശ്വാസം. ബുധനാഴ്ച വൈകിട്ട് നട തുറന്നപ്പോൾ ദർശനം നടത്തിയ സ്വാമി ഭക്തർ പടിപൂജ കാണാനും കാത്തിരുന്നു.